അതനുസരിച്ച് ടി ബ്രിഡ്ജിന്റെ 22 കോടി രൂപ വരുന്ന പുതുക്കിയ പ്രൊപ്പോസൽ RIDF-XXI-ൽ ഉൾപ്പെടുത്തി നബാർഡിന്റെ അംഗീകാരം ലഭ്യമാക്കുവാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചു വരുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

114(3221) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പ്രവർത്തനങ്ങൾക്കായി സംസ്ഥാന ഗവൺമെന്റ് നാളിതുവരെ ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം ആവശ്യങ്ങൾക്കായി എത്ര തുക വീതം ചെലവഴിക്കുകയുണ്ടായെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കായി 2011-12 സാമ്പത്തികവർഷം മുതൽ 2015-16 വരെ എത്ര തുക വീതം ഓരോ വർഷവും സംസ്ഥാന സർക്കാർ വിഹിതമായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 646 കോടി രൂപ ചെലവഴിച്ചു.

(ബി) വിഴിഞ്ഞം പദ്ധതിക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	*വിവരങ്ങൾ*	*തുക (കോടിയിൽ)*
1	ഭൂമി ഏറ്റെടുക്കൽ	538
2	അടിസ്ഥാന സൗകര്യ വികസനം	
	(a) വെള്ളം	7
	(b) വൈദ്യുതി	51
	(c) റെയിൽ	4
3	പദ്ധതിക്കായുള്ള സാങ്കേതിക പഠനങ്ങൾ, പാരിസ്ഥിതികാഘാത പഠനങ്ങൾ, ലീഗൽ കൺസൾട്ടൻസി, അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ	46
	ആകെ	646

LIBRARY ARCHIVES Kerala Legislative Assembly

(സി) വിഴിഞ്ഞം പദ്ധതി പ്രവർത്തനങ്ങൾക്കായി 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 വരെ ഓരോ വർഷവും സംസ്ഥാന സർക്കാർ വിഹിതമായി ചെലവഴിച്ച തുക താഴെ പറയും വിധമാണ്:

ക്രമനമ്പർ	*സാമ്പത്തിക വർഷം*	*തുക (കോടിയിൽ)*
1	2011-12	228.32
2	2012-13	69.14
3	2013-14	229.66
4	2014-15	19.18
5	2015-16	10.46
	മൊത്തം	556.76

വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ

115 (3222) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് നടത്തിയ അനുബന്ധ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; അടിയന്തരമായി എത്ര പേർക്ക് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്;

(ബി) കേരളത്തിലെ മറ്റേതെങ്കിലും തുറമുഖ വികസനവുമായി ബന്ധപ്പെട്ട് പുതിയ വികസന പദ്ധതി ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ അനുബന്ധ വികസന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്:

1. വെള്ളം

3.3 എം.എൽ.ഡി.ശേഷിയുള്ള പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കി കമ്മിഷൻ ചെയ്തു. ഇതിൽനിന്നും തദ്ദേശീയരുടെ കുടിവെള്ള ആവശ്യങ്ങളും നിർവ്വഹിക്കപ്പെടുന്നു.

2. വൈദ്യുതി

പ്രസരണശൃംഖലയുടെ നിർമ്മാണം പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly